**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1088** **30-06-2022 - ൽ മറുപടിയ്ക്ക്**

**പൊന്നാനി മേഖലയിലെ പുനർഗേഹം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. നന്ദകുമാർ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പൊന്നാനി തീരദേശമേഖലകളിലെ വനിതകളായ മത്സ്യത്തൊഴിലാളികളുടെ കുടുംബത്തിൽപ്പെട്ടവർക്ക് തൊഴിലവസരം ലഭ്യമാക്കുന്ന വിധത്തിൽ വലനിർമ്മാണ യൂണിറ്റ് തുടങ്ങുന്നതിന് നടപടികൾ സ്വീകരിക്കുമോ;വിശദമാക്കുമോ; | (എ) | പൊന്നാനി തീരദേശ മേഖലയിലെ വനിതകളായ മത്സ്യത്തൊഴിലാളികളുടെ കുടുംബത്തിൽപ്പെട്ടവർക്ക് തൊഴിലവസരം ലഭ്യമാക്കുന്ന വിധത്തിൽ ഫിഷറീസ് വകുപ്പ് മുഖേനയോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖാന്തിരമോ വല നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള പദ്ധതികൾ നിലവിലില്ല. വല നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പ്രദേശത്ത് പുനർഗേഹം പദ്ധതി പ്രകാരം വീട് ലഭിക്കേണ്ട മത്സ്യത്തൊഴിലാളികൾക്കുള്ള രണ്ടാംഘട്ട ഫ്ലാറ്റ് നിർമ്മാണത്തിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;വ്യക്തമാക്കുമോ; | (ബി) | മലപ്പുറം ജില്ലയിൽ പൊന്നാനി മുനിസിപ്പാലിറ്റിയിൽ പൊന്നാനി നഗരം വില്ലേജിൽ പുനർഗേഹം പദ്ധതി പ്രകാരമുള്ള വീട് ലഭിക്കേണ്ട മത്സ്യത്തൊഴിലാളികൾക്കുള്ള രണ്ടാം ഘട്ടം 100 ഫ്ലാറ്റ് നിർമ്മാണത്തിന് ഭരണാനുമതി നൽകുകയും സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. |
| (സി) | പ്രസ്തുത നിർമ്മാണപ്രവൃത്തി ഉടനടി തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ, വ്യക്തമാക്കാമോ ? | (സി) | മലപ്പുറം ജില്ലയിൽ പൊന്നാനി മുനിസിപ്പാലിറ്റിയിൽ പൊന്നാനി നഗരം വില്ലേജിൽ പുനർഗേഹം പദ്ധതി പ്രകാരമുള്ള വീട് ലഭിക്കേണ്ട മത്സ്യത്തൊഴിലാളികൾക്കുള്ള രണ്ടാം ഘട്ടം 100 ഫ്ലാറ്റ് നിർമ്മാണത്തിന് ഭരണാനുമതി നൽകുകയും സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ